**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** **14-03-2022 - ൽ മറുപടിയ്ക്ക്**

**ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും അപകടങ്ങൾ നിയന്ത്രിക്കുന്നതിനും "ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം" പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാന പാതകളിൽ നിർമ്മിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി വിവരിക്കാമോ; | (എ) | റെയിൽവേ ഗേറ്റ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 72 റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി. കെ.യ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി. യുടെ നിർമ്മാണം പൂർത്തിയാക്കി 07/03/2022-ൽ ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. 11 ആർ.ഒ.ബി. കൾ നിർമ്മാണ ഘട്ടത്തിലാണ്. 2 ആർ.ഒ.ബി. കളുടെ ടെണ്ടർ നടപടികളും 14 ആർ.ഒ.ബി.കളുടെ സ്ഥലമേറ്റെടുപ്പ് നടപടികളും നടന്നുകൊണ്ടിരിക്കുന്നു. 21 ആർ.ഒ.ബി.കൾക്ക് കിഫ്ബി അംഗീകാരം ലഭിക്കുകയും ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) അംഗീകാരത്തി- നായി റെയിൽവേയിൽ സമർപ്പിക്കുകയും ചെയ്തു. ഒരു ആർ.ഒ.ബി. യുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും അലൈൻ മെന്റിൽ ചില മാറ്റങ്ങൾ വരുത്തുവാനും പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. 16 ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് സിൽവർ ലൈൻ പദ്ധതിയുടെ അലൈൻമെന്റിൽ വരുന്നതിനാൽ റെയിൽവേയുടെയും, KRDCL ന്റെയും അംഗീകാരം ലഭിക്കേണ്ടതുണ്ട്. ബാക്കിയുള്ള 6 ആർ.ഒ.ബി.കളുടെ അലൈൻമെന്റ് തീരുമാനിക്കുന്നതിനായി നടപടികൾ നടന്നുവരുന്നു. നിലവിൽ 27 ലെവൽ ക്രോസ്സുകൾക്കു പകരമായി മേൽപ്പാലം നിർമ്മിക്കാൻ കെ.ആർ.ഡി.സി.എൽ-നെ ഏൽപിച്ചിട്ടുണ്ട്. 27 സ്ഥലങ്ങളിലും ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ പുരോഗമിക്കുന്നു. ഒരു ആർ.ഒ.ബി യുടേയും (കല്ലേട്ടുംകരക്ക് അടുത്ത് - ചർച്ച് ഗേറ്റ്) ഒരു ആർ.യു.ബി-യുടെയും (നിലമ്പൂർ യാർഡ് ഗേറ്റ്) നിർമ്മാണ പ്രവർത്തനത്തിന് ടെൻഡർ വിളിച്ചിട്ടുമുണ്ട് |

| | | | |
|---|---|---|---|
| (ബി) | സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കേണ്ട ഓവർ ബ്രിഡ്ജുകളുടെ സ്ഥലം ഏറ്റെടുക്കൽ അതിവേഗം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നിർമ്മിക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം യഥാസമയങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ച് വരുന്നു. ജില്ലാ കളക്ടർ പൊന്നുംവില ഓഫീസറെ നിയമിച്ച് ഉത്തരവ് ലഭ്യമായതിന് ശേഷം പൊന്നും വില നടപടികൾ ത്വരിതപ്പെടുത്തി ഭൂമി ഏറ്റെടുത്ത് ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും യഥാസമയങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കെ.ആർ.ഡി.സി.എൽ ഏറ്റെടുത്ത 27 ലെവൽ ക്രോസ്സുകൾക്കു പകരമായി മേൽപ്പാലം നിർമിക്കുന്നതുമായി ബന്ധപ്പെട്ട് 27 സ്ഥലങ്ങളിലും ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ പുരോഗമിക്കുന്നു |
| (സി) | ടെണ്ടർ നടപടികൾ സുതാര്യവും വേഗതയിലും നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;വിശദമാക്കുമോ? | (സി) | ആർ.ബി.ഡി.സി.കെ ടെണ്ടർ നടപടികൾ സുതാര്യവും വേഗതയിലും നടത്തുന്നതിനായി www.etenders.kerala.gov.in എന്ന സർക്കാർ വെബ് സൈറ്റ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. കെ.ആർ.ഡി.സി.എൽ ടെണ്ടർ നടപടികൾ സുതാര്യവും വേഗതയിലും നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുകയാണ്. ഒരു ആർ.ഒ.ബി യുടേയും (കല്ലേട്ടുംകരക്ക് അടുത്ത് - ചർച്ച് ഗേറ്റ്) ഒരു ആർ യു ബി യുടെയും (നിലമ്പൂർ യാർഡ് ഗേറ്റ്) നിർമ്മാണ പ്രവർത്തനത്തിന് ടെൻഡർ വിളിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ